# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നം. *675

04.04.2018-ന് മറുപടിയ്ക്ക്

## സ്കൂൾ പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും

**ചോദ്യം**

ശ്രീ.പുരുഷൻ കടലുണ്ടി
ശ്രീമതി.പി. അയിഷാ പോറ്റി
ശ്രീ.കെ. ബാബു
പ്രൊഫ.കെ.യു. അരുണൻ

**മറുപടി**

പ്രൊഫ. സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) സ്കൂൾ പാഠപുസ്തകങ്ങൾ സമയബന്ധിതമായി അച്ചടിക്കുന്നതിനും സ്കൂൾ തുറക്കുന്നതിന് മുൻപ് തന്നെ വിതരണത്തിനും ഏർപ്പെടുത്തിയ ക്രമീകരണങ്ങൾ വിശദമാക്കാമോ;

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി 2018-19 അദ്ധ്യയന വർഷം ആരംഭിക്കുന്നതിന് മുമ്പ് തന്നെ വിദ്യാർത്ഥികൾക്ക് പാഠപുസ്തകങ്ങൾ എത്തിയ്ക്കുവാനുള്ള ശ്രമത്തിന്റെ ഭാഗമായി 03.08.2017-ലെ സർക്കാർ ഉത്തരവ് പ്രകാരം 2018-19 അദ്ധ്യയന വർഷത്തേക്കുള്ള 1 മുതൽ 10 വരെ ക്ലാസ്സുകളിലെ അച്ചടിയും വിതരണവും കെ.ബി.പി.എസിനെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവായി. അതു പ്രകാരം ടി ക്ലാസ്സുകളിലേക്കുള്ള പാഠപുസ്തകങ്ങൾ അച്ചടിക്കുവാനുള്ള ടെൻടേറ്റീവ് പ്രിന്റ് ഓർഡർ 16.10.2017-ലെ കത്ത് പ്രകാരം കെ.ബി.പി.എസിന് നൽകുകയുണ്ടായി. തുടർന്ന് 22.11.2017 മുതൽ 18.12.2017 വരെ സ്കൂളുകൾക്കാവശ്യമായ പാഠപുസ്തകങ്ങൾക്കുള്ള ഇൻഡന്റ് രേഖപ്പെടുത്തുവാനുള്ള സമയം അനുവദിക്കുകയും ആയത് പ്രകാരം ലഭിച്ച ഇൻഡന്റിന്റെ അടിസ്ഥാനത്തിൽ 22.12.2017-ന് ഒന്നാം വാല്യം പാഠപുസ്തകത്തിന്റെ അച്ചടിക്കും വിതരണത്തിനുമായുള്ള അന്തിമ പ്രിന്റ് ഓർഡർ നൽകുകയും ചെയ്തു. ഒന്നാം വാല്യം പാഠപുസ്തകത്തിന്റെ വിതരണം ജനുവരി 15 മുതൽ കെ.ബി.പി.എസ്സ് ആരംഭിച്ചു. ആയത് ഇപ്പോൾ അവസാന ഘട്ടത്തിലാണ്. സ്കൂൾ അദ്ധ്യയന വർഷാരംഭ

ത്തിന് 5 മാസം മുമ്പുതന്നെ സ്കൂളുകളിൽ പാഠപുസ്തകങ്ങൾ എത്തിച്ചു തുടങ്ങി. രണ്ടു മുതൽ ഒൻപതുവരെ ക്ലാസ്സിലെ വിദ്യാർത്ഥികൾക്ക് വർഷാവസാന പരീക്ഷ തീരുന്ന മുറയ്ക്കും ഒൻപതാം ക്ലാസ്സിലെ റിസൾട്ട് വരുന്ന മുറയ്ക്ക് 10-ാം ക്ലാസ്സിലേയും പാഠപുസ്തകങ്ങൾ നൽകുവാനുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞു. ജില്ലാതലത്തിൽ പാഠപുസ്തക വിതരണം ഏകോപിപ്പിക്കുന്നതിനായി വിദ്യാഭ്യാസ ഉപഡയറക്ടറുടെ കീഴിൽ ഒരു സൂപ്രണ്ടിനെയും രണ്ടു ക്ലാർക്കുമാരേയും വിദ്യാഭ്യാസ ജില്ലാതലത്തിൽ പാഠപുസ്തക വിതരണത്തിന്റെ മേൽനോട്ടം വഹിക്കുന്നതിന് ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാരേയും ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവ് നൽകിക്കഴിഞ്ഞു. സംസ്ഥാനതലത്തിൽ പാഠപുസ്തക വിതരണത്തിന്റെ പുരോഗതി വിലയിരുത്തുന്നതിനായി മൂന്ന് മേഖലയായി തിരിച്ച് രണ്ട് അഡീഷണൽ ഡയറക്ടർമാർക്കും ഒരു ജോയിന്റ് ഡയറക്ടർക്കും ചാർജ് നൽകിയിട്ടുണ്ട്.

2018-19 അദ്ധ്യയന വർഷത്തേക്കുള്ള പാഠപുസ്തകങ്ങൾ അച്ചടിച്ച് വിതരണം ചെയ്യുന്നത് ചുവടെ ചേർക്കുന്ന ഷെഡ്യൂൾ പ്രകാരമാണ്.

ഒന്നാം വാല്യം - 2018 ഏപ്രിൽ 15
രണ്ടാം വാല്യം - 2018 ആഗസ്റ്റ് 30
മൂന്നാം വാല്യം - 2018 ഒക്ടോബർ 30

2018-19 അദ്ധ്യയന വർഷത്തെ പ്ലസ് വൺ, പ്ലസ്ടു പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും സി-ആപ്റ്റ് മുഖേനയാണ് നടത്തുന്നത്. പ്രസ്തുത വർഷം ഓൺലൈൻ ചെയ്ത സ്കൂളുകൾക്കുള്ള പ്ലസ് ടു പാഠപുസ്തകങ്ങൾ ഏപ്രിൽ മാസം അവസാനത്തോടുകൂടിയും പ്ലസ് വൺ പാഠപുസ്തകങ്ങൾ മേയ് മാസം അവസാന വാരത്തോടുകൂടി വിതരണം പൂർത്തീകരിക്കുവാനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ഇതിനുവേണ്ടി എല്ലാ ജില്ലകളിലും സി-ആപ്റ്റ് സബ്സെന്ററിലെ

ജീവനക്കാർ മുഖേന വിതരണം നടത്തുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.ഇപ്രകാരം 2018-19 അദ്ധ്യയന വർഷത്തെ പാഠപുസ്തക വിതരണം കുറ്റമറ്റ രീതിയിൽ നടത്തുന്നതിനായി എല്ലാ നടപടികളും കൈക്കൊണ്ടുകഴിഞ്ഞു.

(ബി) പാഠപുസ്തകങ്ങൾ അച്ചടിക്കുന്ന പ്രസ്സുകളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(ബി) നിലവിൽ 1 മുതൽ 10 വരെ ക്ലാസ്സുകളിലേക്കുള്ള പാഠപുസ്തകങ്ങൾ അച്ചടിച്ചു വിതരണം ചെയ്യുന്നത് കേരള ബുക്ക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റി (കെ.ബി.പി.എസ്) എന്ന സ്ഥാപനമാണ്. ടി പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും കെ.ബി.പി.എസ്. വളരെ കാര്യക്ഷമമായി നടത്തി വരുന്നു. കെ.ബി.പി.എസ്. എന്ന സ്ഥാപനം 1955-ലെ ട്രാവൻകൂർ കൊച്ചിൻ ലിറ്റററി ആൻഡ് ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത സൊസൈറ്റി ആയതിനാൽ അതിന്റെ ഭരണ സമിതിയാണ് അച്ചടി പ്രസ്സിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള തീരുമാനം കൈക്കൊള്ളുന്നത്.

പാഠപുസ്തക അച്ചടിക്ക് മാത്രമായി സി-ആപ്റ്റിൽ ഒരു ഫോർ കളർ വെബ് ഓഫ്സെറ്റ് മെഷീൻ പുതുതായി സ്ഥാപിച്ചിട്ടുണ്ട്.

(സി) ഹയർ സെക്കന്ററിയിൽ എല്ലാ വിഷയങ്ങൾക്കും മലയാളത്തിൽ പാഠപുസ്തകങ്ങൾ ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങളുടെ പുരോഗതി അറിയിക്കുമോ;

(സി) ഹയർ സെക്കന്ററിപാഠപുസ്തകങ്ങൾ ഇംഗ്ലീഷിന് പുറമേ മലയാളത്തിൽ കൂടി തയ്യാറാക്കി നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) നിലവിൽ എട്ടാം ക്ലാസുവരെ സൗജന്യമായി വിതരണം ചെയ്യുന്ന പാഠപുസ്തകങ്ങൾ പന്ത്രണ്ടാം ക്ലാസ്സുവരെ സൗജന്യമാക്കുന്ന കാര്യം പരിശോധിക്കുമോ?

(ഡി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ